## എഡ്യൂസാറ്റ് മുഖേനയുള്ള വിദ്യാഭ്യാസം

51 (3798) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഡ്യൂസാറ്റ് മുഖേനയുള്ള ഉപഗ്രഹ വിദ്യാഭ്യാസം സംസ്ഥാനത്തെ എല്ലാ സർക്കാർ കോളേജുകളിലേക്കും വ്യാപിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വിശദീകരിക്കുമോ ;

(ബി) ഈ അദ്ധ്യയനവർഷത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ കോളേജുകളിലും പ്രസ്തുത സംവിധാനം നടപ്പിലാക്കാൻ കഴിയുമോ ;

(സി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് എത്രകോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എൻ.സി.ഇ.ആർ.ടി., യു.ജി.സി., കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം എന്നിവയിൽനിന്നും എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാകുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത സാങ്കേതിക സംവിധാനം സംസ്ഥാനത്തെ പ്രൈവറ്റ് കോളേജുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ നിലയിലുള്ള 39 ആർട്സ് & സയൻസ് കോളേജുകളിൽ 24 കോളേജുകളിൽ എഡ്യൂസാറ്റ് (എസ്.ഐ.ടി) സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിൻകീഴിൽ വരുന്ന 15 ഗവ. ആർട്സ് & സയൻസ് കോളേജുകളിൽ കൂടി സാറ്റലൈറ്റ് ഇന്ററാക്ടീവ് ടെർമിനൽസ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിലുള്ള എസ്.ഐ.ടികളുടെ പൂർണ്ണപ്രയോജനം ലഭ്യമാക്കുന്നതിലേക്കായി തിരുവനന്തപുരം ഗവ.സംസ്കൃത കോളേജ് ക്യാമ്പസിൽ എഡ്യൂസാറ്റ് സ്റ്റുഡിയോയുടെ നിർമ്മാണം പൂർത്തിയായിരിക്കുകയാണ്. തന്മൂലം ഇ-ലേണിംഗ് സെന്റർവഴി സംസ്ഥാനത്തെ എസ്.ഐ.ടി.കളുടെ സൗകര്യമുള്ള കോളേജുകൾക്ക് എഡ്യൂസാറ്റ് സൗകര്യം ഉപയോഗപ്രദമാക്കാൻ കഴിയുന്നതാണ്. എഡ്യൂസാറ്റ് സംവിധാനം നിലവിലുള്ള കോളേജുകളിൽ ക്ലാസ് റൂം നവീകരിക്കുന്നതിലേയ്ക്കായി ഈ സാമ്പത്തികവർഷം 50 (അമ്പത്) ലക്ഷം രൂപ അനുവദിക്കുകയും 24 കോളേജുകളിൽ ഒരു ക്ലാസ് റൂം വീതം നവീകരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ 9 ഗവ.എഞ്ചിനീയറിംഗ് കോളേജുകളിലും

LIBRARY ARCHIVES Kerala Legislative Assembly

ഐ. എച്ച്. ആർ. ഡി. എൽ. ബി. എസ്. തുടങ്ങിയ സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകളിലും നിലവിൽ ഈ സംവിധാനമുണ്ട്. കഴിഞ്ഞ വർഷം വ്യക്തിത്വവികസനം കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകൾ നടത്തുകയുണ്ടായി. കൂടാതെ വിസിറ്റിംഗ് ഫാക്കൽറ്റി പ്രോഗ്രാമിൽ നടത്തിയ ക്ലാസ്സുകളും എല്ലാ കോളേജുകളിലും സംപ്രേഷണം ചെയ്യുകയുണ്ടായി.

(ബി) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ എഡ്യൂസാറ്റ് സംവിധാനം നടപ്പിലാക്കുന്നതിലേക്ക് 15 കോളേജുകളിൽ കൂടി സാറ്റലൈറ്റ് ഇന്ററാക്ടീവ് ടെർമിനൽസ് സ്ഥാപിക്കുന്നതിലേക്ക് നടപടി സ്വീകരിച്ചുവരുന്നു. സാറ്റ്കോം ആപ്ലിക്കേഷൻ അസോസിയേറ്റ് ഡയറക്ടറിൽ നിന്ന് ടി ആവശ്യത്തിലേക്ക് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് അടിയന്തിര നടപടികൾ ഈ സാമ്പത്തിക വർഷം തന്നെ സ്വീകരിക്കുന്നതാണ്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഗവ.എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രസ്തുത സംവിധാനം നിലവിലുണ്ട്.

(സി) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ 2006-ൽ 18 കോളേജുകളിൽ എസ്.ഐ.ടി. സ്ഥാപിക്കുന്നതിന് 44,10,450 രൂപ ചെലവായിട്ടുണ്ട്. ടി സൗകര്യം ശേഷിക്കുന്ന 16 കോളേജുകളിൽ സ്ഥാപിക്കുന്നത് ലംപ്സം പേയ്മെന്റ് ഉൾപ്പെടെ ഏകദേശം 50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കൂടാതെ ഈ കോളേജുകളിൽ എഡ്യൂസാറ്റ് ക്ലാസ് റൂം നവീകരണത്തിന് 50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതോടൊപ്പം 39 ആർട്സ് & സയൻസ് കോളേജുകളിലും ഈ സൗകര്യം ഏർപ്പെടുത്തുന്നതിനോടൊപ്പം ഒരു ക്ലാസ് റൂം നവീകരിക്കുന്നതിന് ഏകദേശം ഒരുകോടി രൂപ ചെലവാകും എന്ന് പ്രതീക്ഷിക്കുന്നു.

(ഡി) എഡ്യൂസാറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് എൻ.സി.ഇ.ആർ.ടി., യു.ജി.സി. കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം എന്നിവയിൽ നിന്നും സഹായങ്ങളൊന്നും ലഭ്യമായിട്ടില്ല.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

**സംഗീത കോളേജുകളുടെ പ്രവർത്തനം**

**52 (3799)** ശ്രീ. എം. ജെ. ജേക്കബ് :
ശ്രീമതി ജെ. അരുദ്ധതി :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംഗീത കോളേജുകൾ ഏതെല്ലാമാണ് ; ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly